
# തളിര്

## ഡിജിറ്റൽ മാഗസിൻ




ലിറ്റിൽ കൈറ്റ്സ്

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ , പെരുമ്പളം

# അമ്മ വിളക്ക്



By.Sreya suresh
9B



കാലിടറി വീഴും തോറും അമ്മ
കൈപിടിച്ചുയർത്തീടും.
ഇരുട്ടിലായിടുന്ന മക്കൾക്കമ്മ.
എന്നും വെളിച്ചമായ് തീരും
അമ്മ വിളക്കിൻ വെട്ടമതെന്നും
നേർവഴി കാത്ത് നൽകുന്നു.
അമ്മയല്ലോ എൻ പാഠമതെന്നും
ജീവിതരേഖ മുഴുവൻ
അമ്മയാണല്ലോ എൻ ശക്തി
അതെന്നും അമ്മയാണമ്മയാണമ്മ.

# WHO ARE THE ENEMIE OF THE WORLD

WORLD IS THE ONE SUPER GIFT OF GOD...
OUR VAST SHELTER PLACE
BUT....WE ALL ARE CHANGING.

I AM NOT THING A WEALTH LESS
AND HEALTH LESS WORLD
I AM NOT THING ENEMIES WORLD

BUT....WE ALL ARE CHANGING.
WE ARE THE BEST PRODUCTERS OF THE WORLD.
BUT WE ALL ARE CRULY LIGHT TO THIS WORLD.

HUMANS ARE THE ENEMIES OF THE WORLD
WE ARE NOT MYSTERIOUSLY LOOK TO THE WORLD.
YES. SHE IS OUR BOSOM FRIEND.






BY.ARATHY.P.R
9B

കഥ



# അണ്ണാറക്കണ്ണനും പൂവാലിക്കിളിയും

പണ്ടു പണ്ട് കാട്ടിലുള്ള പുന്നരിപ്പുഴയുടെ തീരത്ത് ഒരു തേൻവരിക്കപ്ളാവുണ്ടായിരുന്നു. ആ പ്ലാവിലാണ് കൂട്ടുകാരുമായ അണ്ണാറക്കണ്ണനും പൂവാലൻകിളിയും താമസിച്ചിരിക്കുന്നത്. അവർ ഉറ്റക്കൂട്ടുകാർ ആയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം തേൻവരിക്കപ്ലവിൽ ഒരു ചക്കയുണ്ടായിരുന്നു ചക്ക പഴുത്ത് വന്നപ്പോൾ അണ്ണാറക്കണ്ണൻ പറഞ്ഞു "ഈ ചക്ക ഞാനാണ് ആദ്യം കണ്ടത് .അതുകൊണ്ട് ഇതിന്റെ അവകാശി ഞാനാണ്". ഇതു കേട്ട് പൂവാലിക്കിളി പറഞ്ഞു " ഈ പ്ളാവിൽ ആദ്യം താമസത്തിന് എത്തിയത് ഞാനാണ്. അതുകൊണ്ട്
ഈ ചക്കയുടെ ഉടമസ്ഥൻ ഞാനാണ് അനെ അവർ തമ്മിൽ വഴക്കായി. പിറ്റേന്ന് കാട്ടിൽ ശക്തിയായ കാറ്റും മഴയും ഉണ്ടായി.അതിശക്തിയായി വീശിയ കാറ്റിൽ തേൻവരിയ്ക്കചക്ക ഞെട്ടറ്റ് പുഴയിലേയ്ക്ക് വീണു. വഴക്കിട്ടുകൊണ്ടിരുന്ന അണ്ണാക്കണ്ണനും പുവാലക്കിളിയും ഇളിഭ്യരായി അത് നേക്കിനിന്നു പോയി..........................





**അദ്വൈത്**

(9A)



# ഉണ്ണിമായ

-
AMBADY SANTHOSH

9A



ഒരു ഗ്രാമത്തിൽ ഉണ്ണി എന്ന് പറയുന്ന 10 വയസുകാരനും മായ എന്ന് പറയുന്ന 15 വയസുകാരിയും ഉണ്ടായിരുന്നു. അവർക്ക് അച്ഛനില്ലായിരുന്നു. അമ്മമാത്രമാണ് ഉണ്ടായിരുന്നു. എന്നാൽ ആ കുറവ് അറിയിക്കാതെ ആണ് അവരുടെ അമ്മ അവരെ വളർത്തിയത്. ഉണ്ണി അഹങ്കാരിയും ആയിരുന്നു. എന്നാലും ഉണ്ണിക്ക് നല്ല പാട്ടുകൾ പാടാൻ അറിയാമായിരുന്നു. എന്നാൽ മായ ശാന്തസ്വരൂപിണി ആയിരുന്നു. മായ തൻെറ കുടുംബത്തെക്കുറിച്ച് ചിന്തയുള്ളവളായിരുന്നു. ഒരിക്കൽ അവൻെറ   ചേച്ചി അവനോട് ചോദിച്ചു. 'ഉണ്ണി, നമ്മൾ മറ്റുള്ളവരെ അറിഞ്ഞ് ജീവിക്കണം,നമ്മുടെ അമ്മ വളരെ കഷ്ടപ്പെട്ടാണ് നമ്മളെ വളർത്തിയതും  പഠിപ്പിച്ചതും ' ഇതൊക്കെ പറഞ്ഞിട്ടും അവന് ഒരു മാറ്റവും ഉണ്ടായില്ല. ഒരിക്കൽ അവൻ സ്കൂളിൻെറ മുകളിലത്തെ പടിയിൽ നിന്നും കാൽതെറ്റി താഴെക്ക് വീണു. അതോടെ അവൻെറ കഴുത്തിന് താഴേക്ക് തളർന്ന് പോയി,അവൻ കിടപ്പിലായി. പിന്നെ അവനെ അമ്മയും ചേച്ചിയും കൂടി ആണ് വളർത്തിയത്. അപ്പോഴാണ് അവൻെറ ചേച്ചി പറഞ്ഞ കാര്യം അവന് മനസ്സിലായത്.പിന്നിട് അവൻ ഒരു നല്ല കുട്ടിയായി വളർന്നു. എന്നാലും അവൻെറ ഈ അവസ്ഥയിൽ അവർക്ക് സങ്കടം ഉണ്ടായിരുന്നു . അവന് ഒരു ജീവശവമായി ഒതുങ്ങുവാൻ താൽപര്യമില്ലായിരുന്നു. അവൻ  അവൻെറ ഉള്ളിലുള്ള കഴിവിനെ പുറത്ത് കൊണ്ടുവരാൻ ശ്രമിച്ചു . അവൻ കിടക്കയിൽ കിടന്ന് കൊണ്ട് തന്നെ അവൻ വളരെ മനോഹരമായ പാട്ടുകൾ പാടി.ധാരാളം അവാർഡുകൾ ലഭിച്ചു.ഒരു നിമിഷം അവൻ ചിന്തിച്ചു.ഇങ്ങനെ ഒരു അവസ്ഥ ഉണ്ടായത് കൊണ്ടാണല്ലോ എനിക്ക് ഇത്രയ്ക്ക് ബഹുമതി കിട്ടിയതെന്ന് പിന്നെ എൻെറ ചേച്ചി ആയ മായയ്ക്ക്  ഇതിൽ ഒരു പങ്ക് ഉണ്ടായിരുന്നു. അതിനാൽ ഈ നിമിഷത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്ന് അവൻ ചിന്തിച്ചു. അങ്ങനെ അവർ സന്തോഷമായി ജീവിച്ചു. ..................

# ജീവനാഡി

തകരുന്നിതാ ഭൂമി പതിയെ പതിയെ
ഉണരണം നമ്മൾ പൊടുന്നനെ വേഗം
തണലായ തണലെല്ലാം തകരുന്നിതാ
ഉയിരായ മരമിന്നു വെട്ടുന്നിതാ
ഒരുമരം വെട്ടിയാൽ ഇരുമരം വെക്കണം
ഉണരണം നമ്മൾ പൊടുന്നനെ വേഗം
ഉണരണം നമ്മൾ പൊടുന്നനെ വേഗം

**BY**
**SOORYAJITH.V.M**





# ജീവിതയാത്ര



ആരതി പി.ആർ
9B

ഒരു വിത്തായ് മണ്ണിൽ പതനം
ചെയ്ത് ഞാൻ ഒരു തുള്ളിതൻ
നീരിനായ് വിതുമ്പിപോയി
ഏതോരു രാവിൽ മേഘ-
ശകലത്തിൽ നിന്നുതിർന്നതുള്ളികൾ

ഒരു ചെപ്പിൻ ഉള്ളിൽ നിന്ന്
പൊട്ടിയുണർന്ന ഞാൻ കണ്ണുകൾ
പോൽ അഴകേറും ഇലമുളച്ചു
നാളുകൾ ഏറെ ഒഴുകിപ്പോയി
എൻ ഹൃദയകോണിൽ നിന്നത എൻ
അഴകോറും ദളങ്ങൾ വിരിഞ്ഞിരുന്നു.

ദൈവത്തിൻ വിധിയാണെന്നറിയുകില്ല
മായതൻ മറിമയാവോ
എൻ കൊച്ചു പൂവിനെ
ആരോനുള്ളി എൻ പതനം
അന്നേ വിധിച്ചിരുന്നു.



കഥ

# ബംഡി



മൂലകഥ - മന്നു ഭണ്ഡാരി

മമ്മി ഡ്രസിംഗ് ടേബിളിനു മുമ്പിൽ ഒരുങ്ങികൊണ്ടിരിക്കുന്നു.ബണ്ടി മമ്മിയുടെ പിന്നിൽ നിശബ്ദനായി നോക്കി നിൽക്കുകയാണ്.മമ്മി കോളേജിലേയ്ക്കു പോകാൻ തയാറെടുക്കുമ്പോഴൊക്കെ ബണ്ടി വളരെ കൗതുകത്തോടെ നോക്കി നിൽക്കും.ഡ്രസിംഗ് ടേബിളിലിരിക്കുന്ന പല നിറത്തിലുള്ള കുപ്പികളിൽ ,ചെറുതും വലുതുമായ ഡപ്പികളിൽ എന്തോ മാജിക് മാജിക് ഒളിഞ്ഞിരുപ്പുണ്ട് എന്ന് ബണ്ടിക്ക് എപ്പോഴും തോന്നാറുണ്ട്. കാരണം ഒരുങ്ങികഴിയുമ്പോൾ മമ്മി ആകെ മാറിപ്പോകുന്നു.പക്ഷെ അതെന്താണെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല.എന്തുതന്നെയായിരുന്നാലും ഇത് തന്റെ മമ്മിയല്ല,മററാരോ ആണെന്ന് ബണ്ടിയ്ക്ക് തോന്നാറുണ്ട്.



ഒരുക്കം കഴിഞ്ഞ് കൈയിൽ പേഴ്സുമായി മമ്മി പറഞ്ഞു- "നോക്കു ,വെയിലത്ത് പുറത്തേയ്ക്ക് പോകരുത്.ശരി !" പിന്നെ അപ്പച്ചിയോട് പറഞ്ഞു- "ബണ്ടിയ്ക്ക് ഇഷ്ടമുള്ളത് ഉണ്ടാക്കുക.ഇഷ്ടമുള്ളത് മാത്രം.,മനസ്സിലായോ ?"

പോകുന്നതിനുമുൻപ് മമ്മി അവന്റെ കവിളിൽ തലോടി.മുടിയിഴകളിൽ വിരൽ കോർത്ത് മാടിയൊതുക്കി.

പക്ഷെ ബണ്ടി അനങ്ങാതെ പ്രതിമ പോലെ നിന്നു. അമ്മയുടെ കയ്യിൽ പിടിച്ച് തൂങ്ങിയില്ല.എന്തെങ്കിലും വേണമെന്ന് ആവശ്യപ്പെട്ടതുമില്ല. മമ്മി അവനെ ചേർത്തു നിർത്തി.മമ്മിയോട് ചേർന്നു നിന്നെങ്കിലും മമ്മി തന്നിൽ നിന്നും ഒരുപാട് അകന്നു പോയതായി ബണ്ടിക്കു തോന്നി. മമ്മിയുടെ ചെരുപ്പിന്റെ ശബ്ദം വരാന്തയിലെ പടികളിലെത്തിയപ്പോൾ ബണ്ടി മുറിയുടെ വാതിൽക്കൽ വന്നു നിന്നു.

മമ്മി ഗേററ് തുറന്ന്

റോഡ് കടന്ന് വീടിന് എതിർവശത്തുള്ള കോളേജിലേക്ക് കയറിയപ്പോൾ ബണ്ടി ഓടിച്ചെന്ന് വീടിന്റെ ഗേററിനടുത്ത് പോയി നിന്നു.ദൂരേയ്ക്ക് നടന്നകലുന്ന മമ്മിയെ കാണാനായി.അളന്നുകുറിച്ച ചുവടുകളോടെ നേരെ നടക്കും.ഇനി തിരിഞ്ഞ് നോക്കില്ലെന്ന് അവനറിയാം.മുറിയുടെ വാതിൽക്കൽ എത്തുമ്പോൾ പ്യൂൺ വന്ന് സല്യൂട്ട് ചെയ്ത് മുറി തുറന്നു കൊടുക്കും.അകത്തു കയറി ഒരു വലിയ മേശയുടെ പിന്നാലെയുള്ള കസേരയിൽ ഇരിക്കും.മേശപ്പുറത്ത് കത്തുകളുടെ കൂമ്പാരം ഉണ്ടായിരിക്കും.ഒപ്പം ഫയലുകളും പിന്നെ മമ്മി ആളാകെ മാറിപ്പോകും.ചുരുക്കിപറഞ്ഞാൽപ്രിൻസിപ്പളിന്റെ കസേരയിലിരിക്കുന്ന മമ്മിയെ ബണ്ടിക്ക്ഒട്ടും ഇഷ്ടമില്ല. മുമ്പ് ബണ്ടിയ്ക്ക് അവധിയുള്ള ദിവസങ്ങളിൽ അവനേയും കോളേജിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുമായിരുന്നു.പ്യൂൺ അവനെ കണ്ടാലുടൻ എടുക്കാൻ നോക്കും.അപ്പോൾ അവൻ കൈ തട്ടി മാററും. മമ്മിയുടെ മുറിയുടെ ഒരു കോണിലായി ബണ്ടിക്കു വേണ്ടി ഒരു ചെറിയ മേശയും കസേരയും ഇട്ടിട്ടുണ്ട്.അതിലിരുന്ന് പടം വരക്കും.മുറിയിലേയ്ക്കു വരുന്നവർ ബണ്ടിയെ നോക്കി സ്നേഹത്തോടെ ചിരിക്കും.



അപ്പോൾ അവൻ മമ്മിയുടെ നേരെ നോക്കും.എന്നാൽ പ്രിൻസിപ്പാളിന്റെ കസേരയിലിരിക്കുമ്പോൾ മമ്മിയുടെ മുഖം തികച്ചും വ്യത്യസ്തമായിരിക്കും.യഥാർത്ഥമുഖത്തിനു മീതെ മറ്റൊരു മുഖം വച്ചതു പോലെ .മമ്മിക്ക് മററൊരു മുഖം കൂടിയുണ്ട്. തീർച്ച.മുഖം മാത്രമല്ല,സ്വരവും എത്ര ദൃഢമാണ്.സംസാരിക്കുന്നതു കേട്ടാൽ വഴക്കു പറയുന്നതായി തോന്നും.ബണ്ടിയെ മമ്മി അധികം വഴക്കു പറയാറില്ല.സ്നേഹിക്കുകമാത്രം.അതുകൊണ്ട് പ്രിൻസിപ്പാളിന്റെ കസേരയിലിരിക്കുന്ന ദേഷ്യഭാവമുള്ള മമ്മിയെബണ്ടിക്ക് തീരെ ഇഷ്ടമില്ല.

കോളേജിൽ ബണ്ടിക്കും മമ്മിക്കുമിടയിൽ ഒരുപാട് വസ്തുക്കൾ ഉണ്ട്.മമ്മിയുടെ കൃത്രിമമായ മുഖം ,കോളേജ്,വലിയ കെട്ടിടങ്ങൾ , കോളേജിൽ പഠിക്കുന്നഒരുപാട് പെൺകുട്ടികൾ,കോളേജിലെ ഒത്തിരി ജോലികൾ

,ഇടക്കിടെ കേൾക്കുന്ന മണിയടി ശബ്ദം.അതിനെ തുടർന്നുള്ള ബഹളം
.ഇവയ്ക്കിടയിൽ ഒരററത്ത് നിശബ്ദമായി ബണ്ടി,മറേയററത്ത് മമ്മി,ആർ
ക്കൊക്കെയോ നിർദ്ദേശം കൊടുത്തു കൊണ്ട് .
അതുകൊണ്ട് അവൻ കോളേജിൽ പോകുന്നത് നിർത്തി.അവിടെ ആരുടെ
അടുത്ത് പോകാൻ
അവിടെയുള്ളത് മമ്മിയല്ല,പ്രിൻസിപ്പൽ ആണ്.അവർക്ക് ചുററും ഒരുപാട്
ആളുകൾ.,ഒത്തിരി ജോലികൾ,
അവിടെയില്ലാത്തത് ബണ്ടി മാത്രം.

***വിവർത്തനം-ശിവപ്രിയ 10A***



കഥ

# ടിവി

( മൂലകഥ -വരുൺ ഗ്രോവർ)


വിവർത്തനം- ആതിര ഷൈലജൻ 10B



കാര്യം ഇത്രയേ ഉണ്ടായിരുന്നുള്ളൂ. ഗോപുവിന് ടിവി കാണണമായിരുന്നു. ഇതാലോചിച്ച് മൂന്നുപേരും വീട്ടിൽ നിന്നിറങ്ങിയതായിരുന്നു.

ഗോപുവിന്റെ ഗ്രാമം മലയുടെ ആ വശത്തായിരുന്നു. അവിടെ ടിവി വന്നിട്ടില്ലായിരുന്നു. സന്ധ്യ മയങ്ങുന്നതിന് മുൻപ് സൂര്യൻ മലയുടെ ഏറ്റവും മുകളിൽ സ്ഥാപിച്ചിരിക്കുന്ന ആ വലിയ ടവറിന്റെ അററത്ത് കുറച്ച് നിമിഷ നേരത്തേയേക്ക് തങ്ങി നിൽക്കാമായിരുന്നു. ആ ടവറിൽ നിന്നാണ് ടിവി വരുന്നതെന്ന് ഗോപുവിനറിയാമായിരുന്നു.

ആ ടവർ ഇപ്പോൾ നമ്മുടെ ഗ്രാമത്തിൽ ടിവി തരുന്നില്ല. അല്ലെങ്കിൽ ചുന്നിയുടെ അച്ഛൻ ബോക്സും ആന്റിനയും വാങ്ങിച്ചതായിരുന്നല്ലോ. ഗോപു ലല്ലുവിനെ തന്റെ അമ്മയുടെ ഉച്ചാരണരീതിയിൽ പറഞ്ഞു മനസ്സിലാക്കി.



ഗോപുവിനെ അവന്റെ മുത്തച്ഛൻ മലയുടെ മറുവശത്തുള്ള ഗ്രാമത്തിൽ ടീവി കാണിച്ചിരുന്നു.തന്റെ സ്നേഹിതൻ മനോഹറിന്റെ വീട്ടിൽ - ഗോപു ആ ടീവിയിൽ ജനുവരി ഇരുപത്തിയാറിന്റെ പരേഡ് കണ്ടിരുന്നു. വലിയ വലിയ പീരങ്കികൾ, നൃത്തം ചെയ്യുന്ന ആൺ കുട്ടികളും പെൺകുട്ടികളും , ദൃശ്യങ്ങൾ... മുഴുവൻ രംഗങ്ങളും മനസ്സിലാക്കി തരുന്ന വിധത്തിൽ ഒരു ശബ്ദം എവിടെ നിന്നു വരുന്നു എന്നറിയില്ല.

മായാജാലമായിരുന്നു, മായാജാലം !

ഗോപു ഈ കാര്യം തന്റെ കൂട്ടുകാരൻ ലല്ലുവിനോടും ലല്ലുവിന്റെ ചുന്നിയോടും പറഞ്ഞു. ലല്ലുവിനും ചുന്നിക്കും അടുത്ത ഗ്രമത്തിൽ പോയി ടിവി കാണണമെന്നുള്ള ഗോപുവിന്റെ ഐഡിയ ഇഷ്ടപ്പെട്ടു. അധികം താമസിക്കുകയില്ലെന്നും ഗോപു വിചാരിച്ചിരുന്നു. ഉച്ചക്കിറങ്ങിയാൽ വൈകുന്നേരം തിരിച്ചു വരാൻ കഴിയും

ചുന്നി ഇക്കാര്യം ആരോടും പറയാതിരിക്കാൻ ഗോപു അവളെക്കൊണ്ട് രണ്ട് ചെറുപ്രാണികളെ പിടിച്ച് സത്യം ചെയ്യിച്ചിരുന്നു. ചുന്നിക്ക്

ചെറുപ്രാണികളെ വളരെ ഇഷ്ടമായതുകൊണ്ട് അവയുടെ പേരിൽ അവൾ കള്ളസത്യം ചെയ്യുമായിരുന്നില്ല. അങ്ങനെ അവരുടെ അമ്മമാർ ഉറങ്ങിയപ്പോൾ മൂന്നുപേരും ടിവി ടവറുള്ള മലയിലേയ്ക്ക് പുറപ്പെട്ടു.

വളരെ കഷ്ടപ്പെട്ട് മല കയറി അപ്പുറത്തെത്തിയപ്പോൾ പെട്ടെന്ന് അടുത്ത് ഒരു വലിയ വണ്ടി വന്നു നിന്നു. ചുന്നി വഴി കുറുകെ കടന്നു. എന്നാൽ ഗോപുവും ലല്ലുവും സ്തംഭിച്ചു നിന്നു. ഡ്രൈവർ പെട്ടെന്ന് ബസ്സ് ബ്രേക്ക് ചെയ്യുകയും തല പുറത്തേയ്ക്കിട്ട് വഴക്ക് പറയുകയും ചെയ്തു. ചുന്നി അവസരം നോക്കി കൂട്ടുകാരെ ശകാരിക്കുകയും ഇനിയങ്ങോട്ട് കൈപിടിച്ചൊരുമിച്ച് നടക്കാൻ പറയുകയും ചെയ്തു.

മനോഹർ ചിററപ്പന്റെ ഗ്രാമം അധികം ദൂരെയല്ലായിരുന്നു. മലകളിൽ വഴി കണ്ടെത്തുകയല്ല  സ്വയം ഉണ്ടാക്കുകയാണ്. ഈ വളവിൽ കുറച്ചു മുമ്പോട്ടു നീങ്ങി പച്ചക്കറി ചന്തയുണ്ടെന്ന് ഗോപുവിനറിയാമായിരുന്നു.
അതിനു പുറകിലെ വഴിയിലൂടെ അവർ ടിവികണ്ട ആ വീട്ടിലെത്താമായിരുന്നു. പച്ചക്കറിചന്തയിൽ ഇന്നു വലിയ തിരക്കായിരുന്നു. ചുന്നി അൽപം പേടിച്ചു പോയി.ഗോപു അവളുടെ കൈ പിടിച്ച് അവളോട് ടിവിയിലെ മായാജാലത്തെകുറിച്ച് പറയാൻ തുടങ്ങി.. ഗോപുവിന് മനോഹർ ചിററപ്പന്റെ വീട് തിരിച്ചറിയാൻ കഴിയുമായിരുന്നു.കാരണം ആ വീടിനു മുകളിൽ ഭംഗിയുള്ള വിടർന്ന ഒരു ആന്റിനയുണ്ടായിരുന്നു. പക്ഷെ ഇതെന്താ ... ഈ വഴിയിലെ ഒരോ വീടിന്റേയും പാരപ്പെററിൽ അതുപോലെ തന്നെയുള്ള ആന്റിനയുണ്ടായിരുന്നു. ഗോപു ഒന്നു രണ്ടു വീടുകളിൽ എത്തി നോക്കി. തിരിച്ചറിയാനുള്ള ശ്രമവും നടത്തി. പക്ഷെ ഇവിടെ എല്ലാ വീടുകളും ഒരേപോലെയായിരുന്നു. ആന്റിന .. അയായിരുന്നു അവന്റെ അടയാളം.





ഇപ്പോൾ ഗോപുവിന് കരച്ചിൽ വന്നു. അവൻ കരയുന്നതു കണ്ട് ചുന്നിയും ലല്ലുവും കരയാൻ തുടങ്ങി.വഴിയുടെ നടുക്കുനിന്ന് മൂന്ന് കുട്ടികൾ കരയുന്നതു കണ്ട് പെട്ടെന്നു തന്നെ ആളുകൾ കൂട്ടം കൂടുകയും ചോദ്യങ്ങളും വാത്സല്യങ്ങളും വർഷിക്കാൻ തുടങ്ങുകയും ചെയ്തു. തങ്ങൾ മനോഹർ ചിററപ്പന്റെ വീട്ടിൽ ടിവി

കാണാൻ വന്നതായിരുന്നുവെന്ന് ഗോപു അവരോട് പറഞ്ഞു. പക്ഷേ ഇവിടെ എല്ലാവരുടേയും വീട്ടുകളിൽ ടിവിയുണ്ട്. ഇത് ഗോപുവിന്റെ ഐഡിയ ആയിരുന്നുവെന്ന് ചുന്നി പറഞ്ഞു.ഇനി തനിക്ക് ടിവി കാണാന് വീട്ടിൽ പോകണമെന്ന് ലല്ലു പറഞ്ഞു. പെട്ടെന്ന് മനോഹർ ചിററപ്പൻ അവിടെ എത്തി. മൂന്നു കൊച്ചുകുട്ടികളും ഇത്രയും ദൂരെ നിന്ന് ടിവി കാണാൻ വന്നതു കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടുപോയിരുന്നു.

പരിഭ്രമിക്കപ്പെട്ട എന്ന വിവരം മൂന്നു പേരുടേയും വീട്ടുകളിൽ അറിയിച്ചു. ഇന്ന് ടിവി കണ്ടിട്ട് തിരിച്ചു പോയാൽ മതിയെന്ന് മുത്തച്ഛൻ വന്നപ്പോൾ തീരുമാനിച്ചു. മൂന്നുപേരും താൽപര്യത്തോടെ ഇരുന്നു. ടിവിയുടെ ബട്ടൺ അമർത്തി. ഒരു മാന്ത്രിക ശബ്ദം വന്നു. ടിവി ബോക്സിന്റെ സ്ക്രീനിൽ ചെറിയ ഒരു പ്രകാശവും മിന്നി. ഗോപുവിന്റെ കണ്ണുകൾ വിടർന്നു, പെട്ടെന്ന് വൈദ്യുതി പോയി.



**തിരക്കഥ**


## ടീവി



**മൂലകഥ -വരുൺ ഗ്രോവർ**

**വിവർത്തനം- ആതിര ഷൈലജൻ**

**Std 10B**




**രംഗം 1**

ഗോപുവിന്റെ വീടിനു പുറത്തെ മൺറോഡ് .സമയം ഉച്ചയ്ക്ക് രണ്ടുമണി.

(മലകൾ നിറഞ്ഞ പ്രദേശം.ദൂരേയ്ക്ക് വ്യാപിച്ചു കിടക്കുന്ന മലകൾ കാണാം.ഏകദേശം എട്ടു പത്തു വയസ്സ് പ്രായമുള്ള മൂന്നു കുട്ടികൾ ഗോപു, ചുന്നി, ലല്ലു എന്നിവർ മൺ റോഡിൽ നിൽക്കുന്നു.കാഴ്ചയിൽ തന്നെ ഗോപു ബാക്കി രണ്ടുപേരുടേയും മേൽ ആധിപത്യമുള്ളവനെപ്പോലെയാണ്. അവൻ നിലത്തേയ്ക്ക് കുനിയുന്നു. എന്തോ എടുക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അവന്റെ കൈയ്യിൽ ഒരു ചെറിയ പ്രാണി.)



ഗോപു - (ചുന്നിയുടെ കൈയ്യിലേയ്ക്ക് പ്രാണിയെ വച്ചു കൊടുത്തു കൊണ്ട് ) ഇതാ പിടിച്ചോ , നിന്റെ പ്രിയപ്പെട്ട പ്രാണി..ഇനി സത്യം ചെയ്യൂ.

ചുന്നി- (ചിരിച്ചു കൊണ്ട് പ്രാണിയെ പിടിച്ചു കൊണ്ട് ) എന്തു സത്യം ?

ഗോപു - മാസ്റ്ററർജി വിളിക്കുമ്പോഴത്തെ പോലെ പറയൂ. ഞാൻ സത്യം ചെയ്യുന്നു.

ചുന്നി- ഞാൻ സത്യം ചെയ്യുന്നു.

ഗോപു - ഞങ്ങൾ ആരോരുമറിയാതെ അടുത്ത ഗ്രാമത്തിൽ പോകും.

ചുന്നി- ഞങ്ങൾ ആരോരുമറിയാതെ അടുത്ത ഗ്രാമത്തിൽ പോകും.

ഗോപു – ആരോരുമറിയാതെ ടീവി കണ്ടിട്ട് വരും .
ചുന്നി – (ചിരി നിയന്ത്രിച്ചു കൊണ്ട് )
ആരുമറിയാതെ ടീവി കണ്ടിട്ട് വരും .
ഗോപു – ഈ കാര്യം ആരോടും പറയില്ല. അമ്മയോടു പോലും.
ലല്ലു – (ഇടയ്ക്കു കയറി ) അമ്മയോടെങ്ങനെ പറയും ?
അമ്മ ഉറങ്ങുകയാണ്.
ഗോപു – ങാഹാ ..അമ്മ ഉറങ്ങികൊണ്ടിരിക്കുകയാണ് .ഇനി പ്രാണിയെ കൈയ്യിൽ വച്ചോ .
( ചുന്നി പ്രാണിയെ കൈയ്യിൽ വയ്ക്കുന്നു. കൈ മടക്കുന്നു. )
ഗോപു – ( മുന്നോട്ടു നടന്നു കൊണ്ട് )
എന്നാൽ നടക്കു ..

( മൂന്നു കുട്ടികളും മൺറോഡിലൂടെ മുന്നോട്ടു പോകുന്നു.)

* * * * *

രംഗം 2

മലയിലെ ചെറിയ വഴി. ഉച്ചയ്ക്ക് മൂന്നു മണി.
( കുട്ടികൾ ആയാസപ്പെട്ട് മലയിലെ നടപ്പാതയിലൂടെ കയറിപ്പോകുന്നു. അടുത്തു കാണുന്ന ഒരു മലയിൽ ടീവിയുടെ ടവർ കാണുന്നുണ്ട്. )
ഗോപു – കണ്ടോ ? ടിവി വരുന്ന ആ ടവറാണിത് .
ലല്ലു – എവിടെയാ വരുന്നത് ? വന്നിരുന്നുവെങ്കിൽ നമ്മൾ അടുത്ത ഗ്രാമത്തിലെന്തിനു പോകണം
ഗോപു – ചുന്നീ , ഈ ലല്ലു ശരിക്കും വിഡ്ഢിയാണല്ലെ .. ഈ ടവറിൽ നിന്നാണ് അടുത്ത ഗ്രാമത്തിൽ ടീവി വരുന്നതെന്നച്ഛൻ പറഞ്ഞില്ലായിരുന്നോ നമ്മുടെ ഗ്രാമം മലയുടെ ഈ വശത്തായതുകൊണ്ട് നമുക്ക് കിട്ടില്ല.
ചുന്നി – ങാ , എന്റെ അച്ഛൻ ബോക്സും ആന്റിനയും വാങ്ങിയിരുന്നു. ഞങ്ങൾ ആന്റിന എല്ലാ വശത്തേയ്ക്കും തിരിച്ചു. പക്ഷേ ടിവി പിടിച്ചെടുത്തില്ല.
ഗോപു – ടീവി മാജിക്കല്ലേ ? അങ്ങനെയങ്ങ് പിടിച്ചെടുക്കുകയില്ല. ഹൊ .. എന്തൊരു വസ്തുവാണ് ടീവി.
(ഗോപു ടിവിയുടെ ഓർമ്മകളിൽ മുഴുകി മുന്നോട്ടു പോകുന്നു. മററ് ഇരുവരും അവന്റെ പിന്നാലെ നടക്കുന്നു.)

**രംഗം 3**

മനോഹർ ചിററപ്പന്റെ വീടിന്റെ മുറി. രാവിലെ എട്ടു മണി.

(ടിവിയിൽ ജനുവരി ഇരുപത്തിആറിന്റെ പരേഡ് വന്നുകൊണ്ടിരിക്കുന്നു.ഗോപുവും അവന്റെ അച്ഛനും നിർന്നിമേഷരായി നോക്കിക്കൊണ്ടിരിക്കുന്നു. മനോഹർ ചിററപ്പൻ അടുത്തു തന്നെ ഇരിക്കുന്നു. ടിവിയിൽ  ദൃശ്യങ്ങൾ നടക്കുന്നു. ഒരു കമന്ററിയും. )



ടിവിയിൽ നിന്നു വരുന്ന കമന്ററി. – ഇത് ആസാം സംസ്ഥാനത്തിന്റെ ദൃശ്യമാണ്.

( ടാബ്ളോ )

തുടർന്നു  ബീഹു നൃത്തം ചെയ്യുന്ന സ്ത്രീകൾ .

ഗോപു – മാജിക്കാണല്ലെ !!

**രംഗം 4**

മലയിലെ വഴി .വൈകുന്നേരം നാലു മണി.

(മൂന്നു കുട്ടികളും  വഴിയരികിലൂടെ നടക്കുന്നു.)

ഗോപു – മാജിക്കായിരുന്നു. ശരിക്കും ! വരൂ റോഡ് കുറുകെ കടക്കണം.

( റോഡ് മുറിച്ചു കടക്കാനുള്ള ശ്രമം .അടുത്തു കൂടി വേഗത്തിൽ ഒരു  ബസ് വരുന്നു. ചുന്നി ഓടി അപ്പുറം കടക്കുന്നു. ഗോപുവും ലല്ലുവും അവിടെത്തന്നെ നിൽക്കുന്നു.ബസ് ശക്തിയായി ബ്രേക്ക് ചെയ്യുന്നു. ഡ്രൈവർ ദേഷ്യത്തോടെ തല പുറത്തേയ്ക്കിടുന്നു.

ഡ്രൈവർ – ഹേയ് , നോക്കി നടക്ക് ....

(ഗോപുവും ലല്ലുവും പെട്ടെന്ന് റോഡ് കുറുകെ കടക്കുന്നു.)

ചുന്നി – നിങ്ങൾ ശരിക്കും ചെറിയ കുട്ടികളാണ്. റോഡ് കുറുകെ കടക്കാൻ പോലും അറിയില്ലേ ?

ഗോപു – (സങ്കോചത്തോടെ ) പെട്ടെന്നു നടക്കൂ.. ..താമസിച്ചു പോയിരിക്കുന്നു.

**രംഗം 5**

ആ ചെറുപട്ടണത്തിലെ പച്ചക്കറി ചന്ത. വൈകുന്നേരം അഞ്ചു മണി.

(ലല്ലു പച്ചക്കറിചന്തയിലെ ആൾക്കൂട്ടത്തിൽ കുറച്ചു പിന്നിലായിപ്പോയി. ഗോപുവും ചുന്നിയും മുമ്പിൽ നടക്കുന്നു.

ചുന്നി പേടിച്ചിരിക്കുന്നു.)

ചുന്നി – നീ പറഞ്ഞില്ലേ പെട്ടെന്നെത്തുമെന്ന് .വൈകുന്നേരത്തോടെ തിരിച്ചു വരാമെന്ന്.

ഗോപു - മതി. ഇനി വരുന്നതാണ് മനോഹർ ചിററപ്പന്റെ വീട്.
(ചുന്നി ഒരു പൊക്കമുള്ള മനുഷ്യനുമായി കൂട്ടി മുട്ടുന്നു. അയാൾ
തിരക്കിലായിരുന്നു.ശ്രദ്ധിച്ച് മുന്നോട്ടു പോകുന്നു.)
ചുന്നി - (കരയുന്നതു പോലെ ) ഇനി വരുന്നതാണ്. എന്ന് നീ എപ്പോൾ മുതൽ
പറയുന്നതാണ്.
ഗോപു - ( പിന്നിലേയ്ക്ക് തിരിഞ്ഞ് ) ഈ ലല്ലു എവിടെപ്പോയി ? നീ കരയണ്ട ,ടിവി
കാണണ്ടേ ? ആളുകൾ
ഒരു പെട്ടിക്കകത്ത് കുരുങ്ങി കിടക്കുന്നത് അതിൽ നിന്നറിയാം. ചെറുതായി
കാണപ്പെടുന്നു. നിന്റെ പ്രാണികളെപ്പോലെ.
(ലല്ലുവിനെ കാണുന്നു.) ലല്ലൂ...പെട്ടെന്ന് വരൂ...
( ലല്ലു ഓടി വരുന്നു. മൂന്നു പേരും കൈ പിടിച്ച് നടക്കാൻ തുടങ്ങുന്നു.)

**രംഗം 6**

ആ പ്രദേശത്തെ തെരുവ് .വൈകുന്നേരം .
( കുട്ടികൾ തെരുവിലെ ഒരു വളവിലാണ് .അടുത്തു തന്നെ പണി പൂർത്തിയായതും
അല്ലാത്തതുമായ വീടുകളുടെ നിരകളുണ്ട്.)
ഗോപു - ഈ തെരുവാണ് ..ഇവിടെയാണ് മനോഹർ ചിററപ്പൻ ....
ലല്ലു - എങ്കിൽ നടക്കൂ...
ഗോപു - (കെട്ടിടങ്ങൾ നോക്കി കൊണ്ട് ) ങ്ഹാ , ഞാനൊന്ന് ഓർത്തു കൊള്ളട്ടെ
...ഏതു വീടാണ് ?
ചുന്നി - എങ്ങനെ ?
ഗോപു- ആ വീടിന്റെ മുകളിൽ ടിവിയുടെ നീളമുള്ള കമ്പ് നാട്ടിയിട്ടുണ്ട്. ....ആന്റിന.
( മൂന്നു പേരും ശ്രദ്ധയോടെ വീടുകളിൽ നോക്കുന്നു.ഗോപുവിന്റെ മുഖം വാടുന്നു.
ഗോപു - പക്ഷെ ഇവിടെ ...
ലല്ലു - എല്ലാവരുടേയും വീടിന്റെ മേൽക്കൂരയിൽ ആന്റിനയുണ്ട്.



ചുന്നി – ടിവി കാണാനുള്ള ആന്റിന .ഇനി എന്തു ചെയ്യും ?
ഗോപു – (ധൈര്യത്തോടെ ) അറിയില്ല. മനോഹർ ചിററപ്പൻ പറഞ്ഞിരുന്നു.
അദ്ദേഹത്തിന്റെ വീട്ടിലേ ടിവി ഉള്ളൂന്ന്. പക്ഷെ ഇവിടെ എല്ലാവരുടേയും  വീട്ടിലുണ്ട്.
ലല്ലു – (കടുത്ത നിരാശയോടെ) നമുക്ക് തിരിച്ച് പോകാം.  ( ആകാശത്ത് നോക്കി കൊണ്ട് )
അല്ലേ,  ഇരുട്ടായിരിക്കുന്നു.
ചുന്നി – നമുക്ക് വഴി തെറ്റി.
( ഗോപു ഒന്നും മിണ്ടിയില്ല. കരയാൻ തുടങ്ങുന്നു. )

**രംഗം ഏഴ്**

ആ ചെറു പട്ടണത്തിലെ റോഡ് . സന്ധ്യ കഴിഞ്ഞ സമയം . (ആളുകൾ കൂടിയിരിക്കുന്നു. കുട്ടികൾ കരഞ്ഞുകൊണ്ടിരിക്കുന്നു. അവിടുത്തെ ആളുകൾ അവരെ ആശ്വസിപ്പിക്കുന്നു. )
നാട്ടുകാരൻ   1 – മനോഹർ ചിററപ്പനെ കാണാൻ വന്നതാണെന്ന് പറയുന്നു. ....കിർത്ത്പുരിൽ നിന്ന്.
നാട്ടുകാരൻ 2–    ഇനി മിണ്ടാതിരിക്കു.. പേടിക്കേണ്ട .നിന്റെ പേരെന്താ ?
ലല്ലു - ലല്ലു....
ചുന്നി –  (കരഞ്ഞു കൊണ്ട് ) എനിക്ക് വീട്ടിൽ പോകണം.
(മനോഹർ ചിററപ്പൻ വരുന്നു. ഗോപുവിനെ എടുക്കുന്നു.)
മനോഹർ  –   ഗോപൂ ..   നീ ഒററക്കെങ്ങനെ വന്നൂ ?
ഗോപു–  ടീവി കാണണമായിരുന്നു.... ഞങ്ങൾക്ക് മൂന്നുപേർക്കും .
( നാട്ടുകാർ പരസ്പരം നോക്കുന്നു. മനോഹർ കുട്ടികളേയും കൊണ്ടു പോകുന്നു. )

**രംഗം എട്ട്**

മനോഹർ ചിററപ്പന്റെ വീട്. രാത്രി.
(മുത്തച്ഛൻ ഗോപുവിനെ മടിയിലിരുത്തുന്നു. ചുന്നിയും ലല്ലുവും ഇരിക്കുന്നു. )
മുത്തച്ഛൻ – (മനോഹറിനോട് ) ഗോപു കുസൃതിയാണ്. എല്ലാവർക്കും അറിയാം. പക്ഷെ ഇത്രയുംകുസൃതി...ഞങ്ങൾ ചിന്തിച്ചിരുന്നില്ല.
മനോഹർ –  വഴി മുഴുവൻ ഓർമ്മയുണ്ടായിരുന്നു. ഇവന്. പോട്ടെ ..ഇനി ടിവി വയ്ക്കാം. ടിവി ഭ്രാന്തുള്ളമൂന്നുപേർ ഇത്രയും ദൂരെ നിന്ന് വന്നതല്ലെ..
(മനോഹർ ടിവി വയ്ക്കുന്നു. ഗോപു, ലല്ലു , ചുന്നി എന്നിവർ നേരെയിരിക്കുന്നു.ടിവിയുടെ ശബ്ദം വരുന്നു. ചിത്രം വരാനുണ്ട്. )
ടിവിയുടെ ശബ്ദം – മദ്രാസിലെ കൂടിയ താപനില മുപ്പത്തിനാല് ഡിഗ്രീ..

( ഗോപുവിന്റെ കണ്ണുകൾ വിടരുന്നു. .... ടിവി.ടെ ചില്ലിൽ ചെറിയ ചെറിയ പ്രകാശവും വ്യാപിക്കുന്നു. ചിത്രങ്ങൾ ഏതു നിമിഷവും കാണാം. അപ്പോൾ വൈദ്യുതി പോകുന്നു. കനത്ത ഇരുട്ട് വ്യാപിക്കുന്നു. )

ഗോപു - ചുന്നി... ലല്ലൂ...

(ഒരുമിച്ച് ഇരുട്ടിൽ )

എന്റെ ദൈവമേ ....

